പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 47

# 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 47

# 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

255/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 47

# 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

## 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 8 എ വകുപ്പിന്റെ ഭേദഗതി.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിലെ (1951-ലെ XIV-ാം ആക്റ്റ്), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 8എ വകുപ്പിന്റെ (5ബി) ഉപവകുപ്പിൽ, "പന്ത്രണ്ടായിരത്തി അഞ്ഞൂറ്" എന്ന വാക്കുകൾക്ക് പകരം "ഇരുപതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. 8 ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 8ബി വകുപ്പിൽ "അഞ്ച് ലക്ഷം", "പത്ത് ലക്ഷം" എന്ന വാക്കുകൾക്കുപകരം "പത്ത് ലക്ഷം", "ഇരുപത് ലക്ഷം" എന്ന വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിലെ 8എ വകുപ്പിന്റെ (5ബി) ഉപവകുപ്പ് പ്രകാരം ഓരോ അംഗത്തിന്റെയും രണ്ടു സ്റ്റാഫുകളിൽ ഓരോരുത്തർക്കും പ്രതിമാസം പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ സ്റ്റാഫ് ബത്തയായി ലഭിക്കുന്നുണ്ട്. എന്നാൽ ഇപ്പോൾ പ്രതിമാസം സ്റ്റാഫുകൾക്ക് നൽകിവരുന്ന തുക തീരെ അപര്യപ്ത മായതിനാൽ 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിലെ 8 എ വകുപ്പിലെ (5ബി) ഉപവകുപ്പ് ഭേദഗതി വരുത്തി തുക പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപയിൽ നിന്നും ഇരുപതിനായിരം രൂപയായി ഉയർത്താൻ സർക്കാർ തീരുമാനിച്ചു. ആക്റ്റിലെ 8 ബി വകുപ്പ് പ്രകാരം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരല്ലാതെയുള്ള ഓരോ അംഗത്തിനും അഞ്ച് ലക്ഷം രൂപവരെ യുള്ള പലിശരഹിത വാഹന വായ്പയും കുറഞ്ഞ പലിശനിരക്കിൽ പത്ത് ലക്ഷം രൂപവരെയുള്ള ഭവന നിർമ്മാണ വായ്പയും ആണ് ലഭിക്കുന്നത്. വാഹനങ്ങളുടെയും ഭവനനിർമ്മാണസാമഗ്രികളുടെയും വിലയിൽ വന്ന ക്രമാതീതമായ വർദ്ധനവ് പരിഗണിച്ച് വാഹനവായ്പ അഞ്ച് ലക്ഷം രൂപയിൽ നിന്ന് പത്ത് ലക്ഷം രൂപയായും ഭവന നിർമ്മാണ വായ്പ പത്ത് ലക്ഷം രൂപയിൽ നിന്ന് ഇരുപതുലക്ഷം രൂപയും ആയി ഉയർത്തുവാൻ 8ബി വകുപ്പിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം ആക്റ്റിലെ 8 എ വകുപ്പിലെ (5ബി) ഉപവകുപ്പ് പ്രകാരം ഓരോ അംഗത്തിന്റെയും രണ്ട് സ്റ്റാഫുകളിൽ ഓരോരുത്തർക്കും പ്രതിമാസം നൽകിവരുന്ന തുക പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപയിൽ നിന്ന് ഇരുപതിനായിരം രൂപയായി ഉയർത്തുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 3-ാം ഖണ്ഡം, ആക്റ്റിലെ 8ബി വകുപ്പ് പ്രകാരം നൽകിവരുന്ന വാഹന വായ്പയും ഭവനനിർമ്മാണ വായ്പയും യഥാക്രമം അഞ്ച് ലക്ഷം രൂപയിൽ നിന്നും പത്ത് ലക്ഷം രൂപയായും പത്ത് ലക്ഷം രൂപയിൽ നിന്ന് ഇരുപത് ലക്ഷം രൂപയായി ഉയർത്തുവാൻ ഉദ്ദേശിക്കുന്നു.

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും പ്രതിവർഷം ഏകദേശം 2,12,40,000 രൂപ ചെലവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

എ. കെ. ബാലൻ.

## 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1951-ലെ XIV)

** ** **

8എ. സൗകര്യങ്ങൾ.—

** ** **

"5ബി.—ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി, (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഓരോ അംഗത്തിന്റെയും രണ്ട് സ്റ്റാഫുകളിൽ ഓരോരുത്തർക്കും പ്രതിമാസം പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ സ്റ്റാഫ് ബത്തയായി നിയമസഭാ സെക്രട്ടേറിയറ്റ് നേരിട്ട് നൽകേണ്ടതാണ്."

** ** **

"8ബി. വാഹന വായ്പയും ഭവനനിർമ്മാണ വായ്പയും.— ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരല്ലാതെയുള്ള ഓരോ അംഗത്തിനും അഞ്ച് ലക്ഷം രൂപവരെയുള്ള പലിശരഹിത വാഹന വായ്പയും കുറഞ്ഞ പലിശനിരക്കിൽ പത്ത് ലക്ഷം രൂപവരെയുള്ള ഭവന നിർമ്മാണ വായ്പയും ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്."

** ** **